03.08.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 28-03-06

# വിശ്വത്തിലെ ആത്മാക്കളെ ദു:ഖത്തിൽ നിന്ന് മോചിപ്പിക്കാനായി മനസ്സാ സേവനം വർധിപ്പിക്കൂ, സമ്പന്നവും സമ്പൂർണ്ണവും ആകൂ.

ഇന്ന് സർവ്വ ഖജനാവിന്റെയും അധികാരിയായ ബാപ്ദാദ നാല്ഭാഗത്തെയും സർവ്വ ഖജനാവുകളാലും സമ്പന്നരായ കുട്ടികളെ കണ്ടുകൊണ്ടിരിക്കുക്കയാണ്.ബാപ് ദാദ ഓരോ കുട്ടികളെയും സർവ്വ ഖജനാവിന്റെ അധികാരി ആക്കി. ചിലർക്ക് കുറവും ചിലർക്ക് കൂടുതലും കൊടുത്തില്ല. കാരണമെന്ത്? ബാബ അഖണ്ഡമായ ഖജനാവിന്റെ അധികാരിയാണ്. പരിധിയില്ലാത്ത ഖജനാവാണ്.അതിനാൽ കുട്ടികൾ ഓരോരുത്തരും അഖണ്ഡമായ ഖജനാവിന്റെ അധികാരി ആണ്. ബാപ്ദാദ സർവ്വ കുട്ടികൾക്കും ഒരേ അളവിൽ ഒരുപോലെയുള്ള ഖജനാവാണ് നൽകിയത്.ധാരണ ചെയ്യുന്നതിൽ ചിലർ സർവ്വ ഖജനാവും ധാരണ ചെയ്യുന്നവരും ചിലർ യഥാ ശക്തി ഖജനാവ് ധാരണ ചെയ്യുന്നവരുമാണ്. ചിലർ നമ്പർ വൺ ആണ്, ചിലർ നമ്പർ വാർ ആണ്. ആര് എത്രമാത്രം ധാരണ ചെയ്തിട്ടുണ്ടോ അവരുടെ മുഖത്തിലൂടെയും, നയങ്ങളിലൂടെയും, ഖജനാവുകളുടെ ലഹരി സ്പഷ്ടമായി കാണപ്പെടുന്നുണ്ട്. ഖജനാവുകളാൽ സമ്പന്നനായ ആത്മാവിന്റെ മുഖത്തിലും കണ്ണുകളിലും സമ്പന്നത കാണാം. സ്തൂലമായ ഖജനാവ് പ്രാപ്തമാക്കുന്ന ആത്മാവിന്റെ ചലനത്തിലും,മുഖത്തിലും കൂടി മനസിലാക്കാൻ കഴിയുന്നത് പോലെ ഈ അവിനാശി ഖജനാവുകളുടെ ലഹരിയും സന്തോഷവും സ്പഷ്ടമായി കാണാൻ സാധിക്കും. സമ്പന്നതയുടെ അഭിമാനം നിശ്ചിന്ത ചക്രവർത്തി ആക്കും. ഈശ്വരീയ ലഹരിയുള്ളിടത്ത് ചിന്തകൾ വരില്ല, നിശ്ചിന്ത ചക്രവർത്തിയും , ദു:ഖമില്ലാത്ത ലോകത്തിലെ ചക്രവർത്തിയും ആകും. നിങ്ങൾ എല്ലാവരും ഈശ്വരീയ സമ്പന്നതയുടെ ഖജനാവുള്ള നിശ്ചിന്ത ചക്രവർത്തിമാർ അല്ലെ! ദു:ഖങ്ങളില്ലാത്ത ലോകത്തെ ചക്രവർത്തിമാർ ആയില്ലേ!ഏതെങ്കിലും ചിന്ത ഉണ്ടോ? ഏതെങ്കിലും ദുഖം ഉണ്ടോ?എന്താകും,എങ്ങനെയാകും, ഇതിന്റെയൊന്നും ചിന്ത ഇല്ല. ത്രികാലദർശി സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നവർ സംഭവിക്കുന്നതെല്ലാം നല്ലതാണ്, സംഭവിക്കാൻ പോകുന്നത് ഇതിനേക്കാൾ നല്ലതാണ്. കാരണമെന്ത്? സർവ്വശക്തിവനായ ബാബയുടെ കൂട്ടുകാർ ആണ്, ഒപ്പമിരിക്കുന്നവർ ആണ്. ഒരോരുത്തർക്കും ലഹരിയും, അഭിമാനവും ഉണ്ട് സദാ ബാപ്ദാദ നമ്മുടെ ഹൃദയത്തിലാണ് ഇരിക്കുന്നത്,നമ്മൾ ബാപ്ദാദയുടെ ഹൃദയസിംഹസനത്തിലാണ് ഇരിക്കുന്നത്. ഈ ലഹരി ഉണ്ടല്ലോ! ഹൃദയ സിംഹാസനസ്ഥരുടെ സങ്കല്പത്തിലോ സ്വപ്നത്തിലോ ദുഖത്തിന്റെ അലകൾ, അംശം പോലും വരില്ല. കാരണമെന്ത്? സർവ്വ ഖജനാവുകളാൽ സമ്പന്നരാണ്, നിറഞ്ഞിരിക്കുന്ന വസ്തുവിൽ ചലനം ഉണ്ടാകില്ല.

നാനാഭാഗത്തുള്ള കുട്ടികളിൽ സമ്പന്നത കാണുകയായിരുന്നു, ബാപ്ദാദ ഓരോരുത്തരുടെയും ശേഖരണത്തിന്റെ കണക്ക് പരിശോധിച്ചു.അഖണ്ഡഖജനാവ് ലഭിച്ചതാണ്,പ്രാപ്തമായ സമ്പാദ്യം കാര്യത്തിൽ ഉപയോഗിച്ച് തീർത്തോ,അതോ കിട്ടിയ സമ്പാദ്യം കാര്യത്തിൽ ഉപയോഗിക്കുകയും വർധിപ്പിക്കുകയും ചെയ്തോ?ഓരോരുത്തരുടെയും സമ്പാദ്യത്തിൽ എത്ര ശതമാനം ശേഖരണം ഉണ്ടായി? ഈ ഖജനാവ് ഇപ്പോഴത്തേക്ക് മാത്രം ഉള്ളതല്ല, ഭാവിയിലും കൂടെ വരേണ്ടതാണ് ഈ ഖജനാവ്. ശേഖരിക്കപ്പെട്ടതാണ് കൂടെ വരും. ശതമാനം നോക്കുകയാണ്, എന്താണ് കണ്ടത്? എല്ലാ കുട്ടികളും കഴിയുന്നത്ര സേവനം ചെയ്യുന്നുണ്ട്, സേവനത്തിന്റെ ഫലം ശേഖരിച്ചോ ഇല്ലയോ, അതിന്റെ അടയാളം എന്താണ്? ഏത് സേവനമായാലും മനസ്സാവാചാ,കർമ്മണാ, മൂന്നിലും 100 ശതമാനം മാർക്ക് ഉണ്ട്. മൂന്നിലും 100 ഉണ്ട്. സേവനം ചെയ്തു, പക്ഷെ ഏതെങ്കിലും സേവനം ചെയ്യുമ്പോൾ അല്ലെങ്കിൽ സേവനം കഴിഞ്ഞിട്ട് സ്വന്തം മനസ്സിൽ സ്വയത്തിനോട് സന്തുഷ്ടത ഉണ്ട്, കൂടാതെ ആരുടെ സേവനമാണോ ചെയ്തത്, സേവനത്തിൽ കൂടെയുള്ളവർ,അഥവാ സേവനം ചെയ്തവരെ കാണുകയും കേൾക്കുകയും ചെയ്യുന്നവർ സന്തുഷ്ടരാണ് എങ്കിൽ മനസിലാക്കാം ശേഖരണം ഉണ്ടായി. സ്വന്തം സന്തുഷ്ടതയും സർവ്വരുടെ സന്തുഷ്ടതയും ഇല്ലെങ്കിൽ ശേഖരണത്തിന്റെ ശതമാനത്തിൽ കുറവ് വരും.

സേവനത്തിന്റെ യഥാർത്ഥ വിധി ആദ്യമേ പറഞ്ഞു തന്നതാണ്മൂന്ന് കാര്യങ്ങൾ വിധി പൂർവ്വമാണെങ്കിൽ ശേഖരണമാണ്,അത് കേൾപ്പിച്ചിട്ടുണ്ട് ഒന്ന് നിമിത്തഭാവം, രണ്ടാമത്തേത് നിർമാന ഭാവന,മൂന്നാമത് നിർമ്മല സ്വഭാവം, നിർമ്മല വാണി.ഭാവം, ഭാവന, സ്വാഭാവം, വാക്ക്. ഈ മൂന്നു കാര്യങ്ങളിൽ ഒന്നെങ്കിലും കുറവാണെങ്കിൽ, ഒന്ന് ഉണ്ട് രണ്ടെണ്ണം ഇല്ല, രണ്ടെണ്ണം ഉണ്ട് ഒന്ന് ഇല്ല, ഈ കുറവുകൾ ശേഖരണത്തിന്റെ ശതമാനം കുറയ്ക്കുന്നു. നാല് വിഷയങ്ങളിൽ സ്വയം തന്നെ പരിശോധിക്കൂ നാല് വിഷയങ്ങളിലും നമ്മുടെ സമ്പാദ്യം ശേഖരണമായോ?എന്ത് കൊണ്ട്? ബാപ്ദാദ പലരിലും കണ്ടു കേൾപ്പിച്ച നാല് കാര്യങ്ങളിൽ ഭാവം, ഭാവന.... അതിനനുസരിച്ച് പല കുട്ടികളുടെയും സേവനത്തിന്റെ വാർത്തകൾ ധാരാളം ഉണ്ട് പക്ഷെ ശേഖരണത്തിന്റെ അളവ് കുറവാണ്.

ഓരോ ഖജനാവും പരിശോധിക്കൂ. ജ്ഞാനത്തിന്റെ ഖജനാവിന്റെ അർത്ഥമാണ് ഏത് സങ്കല്പവും കർമ്മവുമാണോ ചെയ്തത് അത് നോളഡ്ജ് ഫുൾ ആയി ചെയ്തതാണോ? സാധാരണമായത് അല്ലല്ലോ ? യോഗത്തിന്റെ അർത്ഥമാണ് സർവ്വശക്തികളുടെയും ഖജനാവുകൾ സമ്പന്നമായിരിക്കണം. ഓരോ ദിവസത്തെയും ദിനചര്യയിൽ സമയമനുസരിച്ച് ഏത് ശക്തിയുടെ ആവശ്യമാണോ ഉള്ളത്, ആ സമയത്ത് ആ ശക്തി ഓർഡർ അനുസരിച്ചിരുന്നോ? എന്ന് പരിശോധിക്കണം. മാസ്റ്റർ സർവ്വശക്തിവാന്റെ അർത്ഥം അധികാരി എന്നാണ്.സമയം കഴിഞ്ഞു പോയിട്ട് ശക്തിയെ കുറിച്ച് ചിന്തിച്ചിരിക്കുകയല്ലല്ലോ. നിർദ്ദേശം കൊടുക്കുന്ന സമയത്ത് ശക്തി ഇമെർജ്ജ് ആകുന്നില്ല, ഒരു ശക്തി പോലും നിർദ്ദേശം അനുസരിച്ച് നടത്താൻ കഴിയുന്നില്ലെങ്കിൽ എങ്ങനെ നിർവിഘ്ന രാജ്യ അധികാരി ആകും?ശക്തികളുടെ ഖജനാവ് എത്ര മാത്രം ശേഖരണം ആയി? സമയത്തു ഉപയോഗിക്കുന്നത് ശേഖരണമാകും. എന്റെ സമ്പാദ്യം എന്താണ് എന്ന് പരിശോധിക്കുന്നുണ്ടോ?ബാപ്ദാദയ്ക്ക് എല്ലാം കുട്ടികളോടും അതീവ സ്നേഹമാണ്, സർവ്വ കുട്ടികളുടെയും ശേഖരണത്തിന്റെ സമ്പാദ്യം സമ്പന്നമായിരിക്കണം എന്നാണ് ബാപ്ദാദ ആഗ്രഹിക്കുന്നത്. ധാരണയിൽ സമ്പന്നരായിരിക്കണം, ധാരണയുടെ അടയാളമാണ് ഓരോ കർമ്മവും ഗുണ സമ്പന്നമായിരിക്കണം. ഏത് സമയം ഏതു ഗുണമാണോ ആവശ്യമുള്ളത് ആ ഗുണം മുഖത്തിലും ചലനത്തിലും ഇമെർജ് ആയി കാണപ്പെടണം. ഏതെങ്കിലും ഗുണത്തിന്റെ കുറവ് ഉണ്ടെങ്കിൽ, കർമ്മം ചെയ്യുമ്പോൾ സരളതയുടെ ഗുണം ആവശ്യമാണ്, മധുരത ആവശ്യമാണ്,വാക്കിലും കർമ്മത്തിലും സരളതയ്ക്കും മധുരതയ്ക്കും പകരം കുറച്ചെങ്കിലും ആവേശമോ ക്ഷീണമോ കാരണം വാക്കുകൾ മധുരമായത് അല്ല , മുഖത്ത് മധുരതയില്ല, സീരിയസ് ആണെങ്കിൽ ഗുണ സമ്പന്നർ എന്ന് പറയില്ല! എങ്ങനെയുള്ള സാഹചര്യമാണെങ്കിലും എന്റെ ഗുണങ്ങൾ ഏതാണോ, ആ എന്റെ ഗുണങ്ങൾ ഇമെർജ്ജ് ആയിരിക്കണം.ഇപ്പോൾ ചുരുക്കി കേൾപ്പിക്കുകയാണ് .

അതുപോലെയാണ് സേവനം – സേവനത്തിൽ സേവാധാരിയുടെ ഏറ്റവും നല്ല അടയാളമാണ്– സ്വയം സദാ ഭാരരഹിതമായി, പ്രകാശവും, സന്തുഷ്ടതയും നിറഞ്ഞതായി കാണപ്പെടണം. സേവനത്തിന്റെ ഫലമാണ് സന്തോഷം. സേവനം ചെയ്യുമ്പോൾ സന്തോഷം മാഞ്ഞു പോകുകയാണെങ്കിൽ സേവനത്തിന്റെ സമ്പാദ്യത്തിൽ ശേഖരണം ഉണ്ടാകില്ല. സേവനം ചെയ്തു, സമയമെടുത്തു, പരിശ്രമം ചെയ്തുവെങ്കിൽ കുറച്ച് ശതമാനം അത് ശേഖരണമാകും, വെറുതെ പോകില്ല. എത്ര ശതമാനം ശേഖരണം ഉണ്ടാകണമോ അത്രയും ഉണ്ടാകില്ല. അതുപോലെ സംബന്ധ സമ്പർക്കത്തിന്റെ അടയാളമാണ് –ആശീർവ്വാദങ്ങളുടെ പ്രാപ്തി ഉണ്ടാകണം. ആരുടെ സംബന്ധ സമ്പർക്കത്തിൽ വന്നാലും അവരുടെ മനസ്സിൽ നിന്ന് താങ്കളെ പ്രതി ആശിർവ്വാദങ്ങൾ ഉയരണം വളരെനല്ലത്, പുറമെ നിന്നല്ല,ഹൃദയത്തിൽ നിന്ന് ഉയരണം. ഹൃദയത്തിൽ നിന്ന് ആശിർവാദങ്ങൾ വരണം,ആശിർവ്വാദങ്ങൾ പ്രാപ്തമാണെങ്കിൽ ആശിർവ്വാദം നേടുക ഇത് സഹജ പുരുഷാർത്ഥത്തിന്റെ സാധനമാണ്. പ്രസംഗിക്കരുത്, മനസ്സാ സേവനവും ഇത്രയ്ക്ക് ശക്തിശാലി അല്ല. പുതിയ പുതിയ പദ്ധതികൾ തയ്യാറാക്കാൻ അറിയില്ലെങ്കിലും കുഴപ്പമില്ല. ഏറ്റവും സഹജമായ പുരുഷാർത്ഥത്തിന്റെ സാധനമാണ് ആശിർവാദം കൊടുക്കുയും എടുക്കുകയും ചെയ്യൂ.ബാപ്ദാദ പല കുട്ടികളുടെയും മനസ്സിലെ സങ്കൽപ്പങ്ങൾ വായിക്കാറുണ്ട്. കുട്ടികൾ പലരും സമയവും സാഹചര്യവും അനുസരിച്ച് പറയാറുണ്ട് ആരെങ്കിലും മോശമായ കാര്യം ചെയുകയാണെകിൽ അവർക്ക് എങ്ങനെ ആശിർവാദം കൊടുക്കും? അവരോടു ദേഷ്യമാണ് വരുന്നത്,ആശീർവ്വാദം എങ്ങനെ കൊടുക്കും! ക്രോധത്തിന്റെ മക്കളും കുട്ടികളും ധാരാളം ഉണ്ട്.അവർ മോശം പ്രവൃത്തി ചെയ്തു,നിങ്ങൾ ശരിയാണ് മനസിലാക്കിയത് ഇത് മോശമായതാണ്. ഈ നിർണ്ണയം ചെയ്തത് നല്ലതാണ്, മനസ്സിലാക്കി എന്നാൽ ഒന്നാണ് മനസിലാക്കുക,രണ്ടാമത്തേതാണ് അവരുടെ മോശമായ കർമ്മവും, മോശം കാര്യങ്ങളും തന്റെ ഹൃദയത്തിൽ നിറയ്ക്കുക. മനസ്സിലാക്കുന്നതും നിറയ്ക്കുന്നതും വ്യത്യാസമുണ്ട്.നിങ്ങൾ അറിവുള്ളവർ ആണ്, അറിവുള്ളവർ ഏതെങ്കിലും മോശമായ വസ്തു തന്റെയടുത്ത് വയ്ക്കുമോ! അത് മോശമാണ്, നിങ്ങൾ അതിനെ ഹൃദയത്തിൽ നിറയ്ക്കുകയെണെങ്കിൽ അർത്ഥം നിങ്ങൾ മോശമായ വസ്തു നിങ്ങളുടെ അടുത്ത് വച്ചു, സൂക്ഷിച്ചു. മനസിലാക്കുന്നത് വേറെയാണ് ഉള്ളിൽ വയ്ക്കുന്നത് വേറെയാണ്. അറിവുള്ളവർ ആകുന്നതു നല്ലതാണ് ആകൂ, പക്ഷെ ഉള്ളിൽ വയ്ക്കരുത്. ഇവർ ഇങ്ങനെ തന്നെയാണ് ഇത് ഉള്ളിൽ നിറയ്ക്കുന്നതാണ്. അങ്ങനെ കരുതി പ്രവർത്തിയിൽ വരുന്നു, ഇത് വിവേകമല്ല. ബാപ്ദാദയും പരിശോധിച്ചു ഇപ്പോൾ സമയം അങ്ങനെ സമീപത്ത് വരില്ല, നിങ്ങൾ കൊണ്ട് വരണം. പലരും ചോദിക്കുന്നു എന്തെങ്കിലും സൂചന നൽകൂ– 10 വർഷം ഉണ്ടോ, 20 വർഷം ഉണ്ടോ, എത്ര സമയം എടുക്കും! ബാബ കുട്ടികളോട് ചോദ്യം ചോദിക്കുകയാണ്, ബാബയോട് ചോദ്യങ്ങൾ ചോദിക്കാറുണ്ട്, ഇന്ന് ബാബ കുട്ടികളോട് ചോദ്യം ചോദിക്കുകയാണ് സമയം സമീപത്ത് കൊണ്ട് വരുന്നത് ആരാണ്? ഡ്രാമയാണ് എന്നാൽ ആരാണ് നിമിത്തമാകുന്നത്? നിങ്ങളുടെ ഒരു ഗീതം ഉണ്ട് പ്രഭാതത്തിന്റെ വരവിനെ ആർക്കെങ്കിലും തടയാൻ കഴിഞ്ഞിട്ടുണ്ടോ. ഗീതം ഇല്ലേ? പുലരി ആരാണ് കൊണ്ട് വരുന്നത്. വിനാശത്തിന്റെ ആളുകൾ ആഗ്രഹിക്കുന്നു വിനാശം നടത്തട്ടെ, വിനാശം നടത്തട്ടെ എന്ന്.... എന്നാൽ നവ നിർമ്മാണം ചെയ്യു

ന്നവർ തയ്യാറാണോ? പഴയത് സമാപ്തമായി, പുതിയത് നിർമ്മിതമായിട്ടില്ല എങ്കിൽ എന്താകും? അതിനാൽ ബാപ്ദാദ ഇപ്പോൾ അച്ഛന് പകരം ടീച്ചറിന്റെ രൂപം ധാരണ ചെയ്തിരിക്കുന്നു.ഗൃഹപാഠം നല്കിയിട്ടുണ്ടല്ലോ? ആരാണ് ഗൃഹപാഠം തരുന്നത്?ടീച്ചർ. സത്ഗുരുവിന്റെ പാർട്ട് അവസാനമാണ്. സ്വയം തന്നോട് തന്നെ ചോദിക്കണം സമ്പന്നവും സമ്പൂർണവുമായ സ്ഥിതി എവിടെ വരെയായി. ശബ്ദത്തിനു ഉപരിയാകുന്നതും ശബ്ദത്തിൽ വരുന്നതും രണ്ടിലും സമാനമാണോ? ആഗ്രഹിക്കുമ്പോൾ ശബ്ദത്തിൽ വരുന്നത് സഹജമാകുന്നത് പോലെ ആഗ്രഹിക്കുമ്പോൾ ശബ്ദത്തിനുപരി ആകാനും കഴിയണം, എപ്പോൾ ആഗ്രഹിക്കുന്നുവോ അതുപോലെയാകുമോ? സെക്കന്റിൽ ശബ്ദത്തിൽ വരാൻ കഴിയും, സെക്കന്റിൽ ശബ്ദത്തിനു ഉപരിയാകും –ഇത്രയും അഭ്യാസം ഉണ്ടോ? ശരീരം കൊണ്ട് എപ്പോൾ ആഗ്രഹിക്കുന്നുവോ എവിടെ ആഗ്രഹിക്കുന്നുവോ അവിടെ പോയി വരാൻ സാധിക്കുന്നത് പോലെ. മനസ്സും ബുദ്ധിയും കൊണ്ട് എപ്പോൾ ആഗ്രഹിക്കുന്നുവോ എവിടെ ആഗ്രഹിക്കുന്നുവോ അവിടെ പോയി വരാൻ സാധിക്കുമോ?അന്തിമത്തിൽ അവർക്കാണ് പാസ് മാർക്ക് ലഭിക്കുക ആരാണോ സെക്കന്റിൽ എന്ത് ആഗ്രഹിക്കുന്നുവോ, എങ്ങനെ ആഗ്രഹിക്കുന്നുവോ, എന്ത് നിർദ്ദേശം നൽകാൻ ആഗ്രഹിക്കുന്നുവോ അതിൽ സഫലമായിത്തീരണം. സയൻസുകാർ ഈ പ്രയത്നമാണ് ചെയ്യുന്നത്, സഹജമാകണം, കുറഞ്ഞ സമയത്ത് നടക്കണം. അതുപോലെയുള്ള സ്ഥിതി ഉണ്ടോ? മിനിറ്റിൽ എത്തിയോ, സെക്കന്റിൽ എത്തിയോ, എവിടെ വരെ എത്തി? ലൈറ്റ് ഹൗസ് മൈറ്റ് ഹൗസ് ഏതുപോലെ ഓൺ ആക്കുന്ന നിമിഷം തന്നെ നാനാഭാഗത്തേക്കും പ്രകാശം പരത്തുന്നു, അതുപോലെ താങ്കൾ സെക്കന്റിൽ ലൈറ്റ് ഹൗസ് ആയി മാറി നാല് ഭാഗത്തേക്കും പ്രകാശം പരത്താൻ സാധിക്കുന്നുണ്ടോ? ഒരു സ്ഥലത്ത് ഇരുന്നാലും ഈ സ്തൂലമായ നേത്രങ്ങൾ കൊണ്ട് ദൂരെ വരെ കാണാൻ കഴിയുമല്ലോ! തന്റെ ദൃഷ്ടി വ്യാപിപ്പിക്കാൻ കഴിയുമല്ലോ! അതുപോലെ നിങ്ങളും മൂന്നാമത്തെ നേത്രത്തിൽ കൂടി ഒരു സ്ഥലത്തിരുന്നു കൊണ്ട് നാനാഭാഗത്തും വരദാതാവും വിധാതാവുമായി ദൃഷ്ടിയിലൂടെ ഉദ്ധരിക്കുവാൻ കഴിയുമോ? തന്റെ എല്ലാ കാര്യങ്ങളും പരിശോധിക്കുന്നുണ്ടോ? മൂന്നാമത്തെ നേത്രം ഇത്രയും വ്യക്തവും സ്പഷ്ടവുമാണോ?എല്ലാ കാര്യങ്ങളിലും അല്പമെങ്കിലും കുറവ് ഉണ്ടെങ്കിൽ അതിനുള്ള കാരണം മുൻപേയും കേൾപ്പിച്ചതാണ്, ഈ പരിധിയുള്ള ആകർഷണമാണ് "ഞാനും എന്റേതും".ഏതുപോലെ ഞാൻ എന്നതിന് സ്പഷ്ടമാക്കിയതാണ്,– ഗൃഹപാഠവും നൽകിയതാണ്. രണ്ടു ഞാൻ എന്നത് സമാപ്തമാക്കി ഒരു ഞാൻ എന്നതാക്കണം. എല്ലാവരും ഈ ഗൃഹപാഠം ചെയ്തോ? ഈ ഗൃഹപാഠത്തിൽ സഫലത നേടിയവർ കൈ ഉയർത്തൂ. ബാപ്ദാദ സർവ്വരെയും കണ്ടതാണ്. ധൈര്യം വയ്ക്കൂ, ഭയപ്പെടാതെ കൈയ്യ് ഉയർത്തൂ. നല്ലതാണ് ആശംസകൾ ലഭിക്കും.വളരെ കുറച്ച് പേർ ആണുള്ളത്. ഇവരുടെ എല്ലാം കൈകൾ ടി.വി. യിൽ കാണിക്കൂ. വളരെ കുറച്ച് പേരാണ് കൈ ഉയർത്തിയത്. ഇപ്പോൾ എന്ത് ചെയ്യും?എല്ലാവർക്കും തന്നെ കുറിച്ച് ചിരിയും വരുന്നുണ്ട്.

ശരി–രണ്ടാമത്തെ ഗൃഹപാഠം ആയിരുന്നു–ക്രോധം ഉപേക്ഷിക്കണം,ഇത് സഹജമായതല്ലേ! ആരൊക്കെ ക്രോധം ഉപേക്ഷിച്ചു? ഇത്രയും ദിവസമായി ദേഷ്യപ്പെട്ടിട്ടില്ല? (ഇതിൽ ധാരാളം പേർ കൈ ഉയർത്തി)ഇതിൽ കുറച്ച് കൂടുതൽ ഉണ്ട്, ആരൊക്കെയാണ് ദേഷ്യപ്പെടാത്തത്, നിങ്ങളുടെ ചുറ്റുമുള്ളവരോടും ചോദിക്കും, ആരൊക്കെ കൈ ഉയർത്തിയത് അവർ എഴുന്നേറ്റ് നിൽക്കൂ. നല്ലതാണ് കൂടുതൽ പേർ ഉണ്ട്. ദേഷ്യപ്പെട്ടില്ല? സങ്കല്പത്തിലോ, മനസ്സിലോ ക്രോധം വന്നോ? എന്നാലും ആശംസകൾ തരുന്നു,മനസ്സിൽ വന്നിട്ട്, മുഖത്തിലൂടെ വന്നില്ലെങ്കിലും ആശംസകൾ.വളരെ നല്ലത്.

നിങ്ങൾ തന്നെ റിസൾട്ടിന്റെ രീതിയിൽ നോക്കൂ – സ്ഥാപനയുടെ കാര്യം എന്തായി, സ്വയത്തെ സമ്പന്നമാക്കണം, സർവ്വ ആത്മാക്കൾക്കും മുക്തിയുടെ സമ്പത്ത് കൊടുക്കണം, ഇതൊക്കെ പൂർത്തിയായോ? സ്വയം ജീവൻ മുക്തിയുടെ സ്വരൂപമാക്കണം.സർവ്വ ആത്മാക്കൾക്കും മുക്തിയുടെ സമ്പത്ത് കൊടുക്കണം–ഇതാണ് സ്ഥാപന ചെയ്യുന്ന ആത്മാക്കളുടെ ശ്രേഷ്ഠ കർമ്മം. അതുകൊണ്ടു ബാപ്ദാദ ചോദിക്കുന്നു സർവ്വ ബന്ധനങ്ങളിൽ നിന്ന് മുക്തരായി,ജീവന്മുക്തി സ്ഥിതിയിൽ സംഗമത്തിൽ തന്നെ എത്തണമോ അതോ സത്യയുഗത്തിൽ എത്തണമോ?സംഗമ യുഗത്തിൽ സമ്പന്നമാകണമോ അതോ അവിടെയും രാജയോഗം ചെയ്ത് പഠിക്കണമോ? ഇവിടെ സമ്പന്നമാകണം.ഇവിടെ തന്നെ സമ്പൂർണ്ണമാകണം. സംഗമയുഗത്തിലെ സമയവും ഏറ്റവും വലിയ ഖജനാവാണ്. പ്രഭാതത്തിന്റെ വരവിനെ ആർക്കെങ്കിലും തടയാൻ കഴിഞ്ഞിട്ടുണ്ടോ, പറയൂ.

ബാപ്ദാദ എന്താണ് ആഗ്രഹിക്കുന്നത്? ബാബയുടെ ആശയുടെ ദീപങ്ങൾ കുട്ടികളാണ്. അതിനാൽ തന്റെ സമ്പാദ്യം നന്നായി പരിശോധിക്കൂ. ചിലകുട്ടികളെ കണ്ടു പലരും ആഹ്ലാദ പ്രീയരാണ്. ആഹ്ലാദത്തോടെ മുന്നോട്ട് പോകുന്നു. സംഭവിച്ചതെല്ലാം നല്ലതാണ്.ഇപ്പോൾ ആഹ്ലാദത്തോടെയിരിക്കൂ, സത്യയുഗത്തിൽ ആര് കണ്ടു,ആർക്കറിയാം. ശേഖരണത്തിന്റെ സമ്പാദ്യത്തിൽ ഇതുപോലെയുള്ള ആഹ്ലാദത്തിൽ രമിക്കുന്നവർ എന്നോ ആഹ്ലാദ പ്രീയരെന്നോ വിളിക്കാവുന്ന കുട്ടികളെയും കണ്ടു. ആഹ്ലാദത്തോടെയിരിക്കൂ.മറ്റുള്ളവരോടും പറയും,എന്ത് ചെയ്യണം, ആഹ്ലാദിക്കൂ. കഴിച്ചും കുടിച്ചും ആഹ്ലാദിക്കൂ. ആഹ്ലാദിച്ചു കൊള്ളൂ, ബാബയും പറയുകയാണ് ആഹ്ലാദിക്കൂ. കുറച്ച് ഉള്ളതിൽ തൃപ്തരാകുന്നവർ ആണെങ്കി

ൽ ഉള്ളതിൽ തൃപ്തരാകൂ. വിനാശിയായ സാധനങ്ങളുടെ ആഹ്ലാദം അല്പകാലത്തിന്റേതാണ്.സദാ കാലത്തേ ആഹ്ലാദം ഉപേക്ഷിച്ച് അല്പകാലത്തെ സാധനങ്ങളുടെ ആഹ്ലാദത്തിൽ ഇരിക്കാൻ ആഗ്രഹിക്കുമ്പോൾ ബാപ്ദാദ എന്താണ് പറയേണ്ടത്? സൂചന നൽകും അല്ലാതെ എന്ത് ചെയ്യാനാണ്. ആരെങ്കിലും വജ്രങ്ങളുടെ ഖനിയിൽ പോയിട്ട് രണ്ടു വജ്രങ്ങൾ മാത്രമെടുത്ത് സന്തോഷിച്ചാൽ അവരെ എന്ത് പറയും? അങ്ങനെയുള്ളവരാകരുത്. അതീന്ദ്രിയ സുഖത്തിന്റെ ആഹ്ലാദത്തിന്റെ ഊഞ്ഞാലിൽ ആടിക്കൊണ്ടിരിക്കൂ.അവിനാശിയായ പ്രാപ്തികളുടെ ഊഞ്ഞാലിൽ ആഹ്ലാദത്തോടെ ആടിക്കൊണ്ടിരിക്കൂ. ഡ്രാമയിൽ നോക്കിയാൽ മായയുടെ പാർട്ടും വിചിത്രമായതാണ്. ഇന്നത്തെ കാലത്ത് അങ്ങനെയുള്ള വസ്തുക്കൾ വന്നിട്ടുണ്ട്, ഇതൊന്നും മുൻപ് ഉണ്ടായിരുന്നില്ല. സാധനങ്ങൾ ഒന്നും ഇല്ലാതെ ആരാണോ സാധന ചെയ്തത്,സേവനം ചെയ്തിട്ടുള്ളത് അതിന്റെയും ഉദാഹരണം മുന്നിൽ ഉണ്ടല്ലോ! ഈ സാധനങ്ങൾ ഉണ്ടായിരുന്നോ?എങ്കിലും എത്ര സേവനമാണ് നടന്നത്? ക്വാളിറ്റിയുള്ളവർ തയ്യാറായില്ലേ! ആദി രത്നങ്ങൾ തയ്യാറായി! ഈ സാധങ്ങൾ ആകർഷണമാണ്. സാധനങ്ങൾ ഉപയോഗിക്കുന്നത് തെറ്റല്ല,ആധാരമാക്കരുത്. സാധനയാണ് ആധാരം.സാധനയ്ക്ക് പകരം സാധനങ്ങൾ ആധാരമാക്കുകയാണെങ്കിൽ ഫലം എന്താകും? സാധനങ്ങൾ വിനാശിയായതാണ്, ഫലം എന്താണ്? സാധന അവിനാശിയാണ് അതിന്റെ ഫലം എന്താകും? ശരി.

നാല്ഭാഗത്തെയും കുട്ടികളുടെ പുരുഷാർത്ഥത്തിന്റെയും സ്നേഹത്തിന്റെയും വാർത്തകളുടെ കത്ത് ബാബയ്ക്ക് ലഭിച്ചു, ബാപ്ദാദ കുട്ടികളുട ഉന്മേഷവും ഉത്സാഹവും കണ്ടു, ഇത് ചെയ്യും, ഇത് ചെയ്യും ....ഈ വാർത്തകൾ കേട്ട് സന്തോഷിക്കുകയാണ്. ഇപ്പോൾ ഏത് ധൈര്യമാണോ വച്ചിട്ടുള്ളത്, ഉന്മേഷവും ഉത്സാഹവുമാണോ ഉള്ളത് ഇതിനു ആവർത്തിച്ച് ശ്രദ്ധ കൊടുത്ത് പ്രയോഗികമാക്കണം. ഇതാണ് എല്ലാ കുട്ടികളെയും പ്രതി ബാപ്ദാദയുടെ ഹൃദയത്തിന്റെ ആശീർവ്വാദങ്ങൾ.നാല്ഭാഗത്തുമുള്ള സങ്കൽപം, വാക്ക്, കർമ്മം, സംബന്ധ സമ്പർക്കത്തിൽ സമ്പന്നരാകുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക് സദാ സ്വദർശനം ചെയ്യുന്ന സ്വദർശന ചക്രധാരികളായ കുട്ടികൾക്ക് സദാ ദൃഢ സങ്കല്പത്തിലൂടെ മയാജിത്ത് ആയി ബാബയ്ക്ക് മുന്നിൽ സ്വയത്തെ പ്രത്യക്ഷമാക്കുകയും വിശ്വത്തിനു മുന്നിൽ ബാബയെ പ്രത്യക്ഷമാക്കുകയും ചെയ്യുന്ന സേവനയോഗ്യരും,ജ്ഞാനസമ്പന്നരും, വിജയികളുമായ കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണകളും,ഹൃദയത്തിൽ നിന്നുള്ള കോടി കോടി മടങ്ങു ആശീർവ്വാദങ്ങളും നമസ്തേയും.നമസ്തേ.

## വരദാനം: – സത്യവും ശുദ്ധവുമായ ഹൃദയത്തിന്റെ ആധാരത്തിലൂടെ ഒന്നാം നമ്പർ നേടുന്ന ഹൃദയേശ്വരന് പ്രീയമുള്ളവരായി ഭവിക്കട്ടെ.

ഹൃദയേശ്വരനായ ബാബയ്ക്ക് സത്യമായ ഹൃദയമുള്ള കുട്ടികളെയാണ് ഇഷ്ടം.ലോകത്തിന്റേതായ ബുദ്ധി ഇല്ലെങ്കിലും സത്യവും ശുദ്ധവുമായ ഹൃദയം വേണം, എങ്കിൽ ഒന്നാമത്തെ നമ്പർ നേടും, ബാബ ഇത്രയ്ക്ക് വലിയ ബുദ്ധിയാണ് തരുന്നത് അതിലൂടെ രചയിതാവിനെ അറിയുമ്പോൾ രചനയുടെ ആദി മധ്യ അന്ത്യത്തിന്റെ ജ്ഞാനവും മനസിലാക്കുന്നു. സത്യവും ശുദ്ധവുമായ ഹൃദയത്തിന്റെ ആധാരത്തിലാണ് ഒന്നാമത് വരുന്നത്, സേവനത്തിന്റെ ആധാരത്തിലല്ല. സത്യമായ ഹൃദയത്തോടെയുള്ള സേവനത്തിന്റെ പ്രഭാവം ഹൃദയത്തിലേക്ക് എത്തുന്നു. ബുദ്ധിയുള്ളവർ പേര് സമ്പാദിക്കുന്നു ഹൃദയമുള്ളവർ ആശിർവാദം സമ്പാദിക്കുന്നു.

## സ്ലോഗൻ: – സർവ്വരെയുംപ്രതി ശുഭ ചിന്തനവും ശുഭ കമന്റും വയ്ക്കുന്നതാണ് സത്യമായ പരോപകാരം.

**അവ്യക്ത സൂചന-സഹജയോഗി ആകണമെങ്കിൽ പരമാത്മ സ്നേഹത്തിന്റെ അനുഭവി ആകൂ.**
ഏത് കുട്ടികളാണോ പരമാത്മ സ്നേഹത്തിൽ ലൗലീനരായിരിക്കുന്നത്, മുഴുകിയിരിക്കുന്നത്, അവരുടെ അനുഭൂതിയുടെ കിരണങ്ങൾ അത്രയും ശക്തിശാലി ആയിരിക്കും ഏതെങ്കിലും സമസ്യങ്ങൾ സമീപത്ത് വരുന്നത് പോയിട്ട് കണ്ണ് ഉയർത്തി നോക്കുക പോലും ചെയ്യില്ല. അവർക്ക് ഒരിക്കലും യാതൊരു വിധത്തിലുള്ള പ്രയത്നം ഉണ്ടാകില്ല.